# വനിത സംരംഭകർക്ക് പുതു പ്രതീക്ഷയേകി വ്യവസായ വകുപ്പ്

എസ്. ഹരി കിഷോർ ഐ.എ.എസ്.



വനിത ദിനത്തിൽ കേരളത്തിലെ വനിതാ സംരംഭകർക്ക് പുതു ഉണർവ്വും പ്രോത്സാഹനവും നല്കുന്ന മൂന്ന് പ്രഖ്യാപനങ്ങളുമായി വ്യവസായ വകുപ്പ്. കേരള സർക്കാർ സംരംഭങ്ങൾക്കും, സംരംഭകർക്കും ഒപ്പം തന്നെയാണെന്ന് അരക്കിട്ടുറപ്പിക്കുന്നതാണ് വനിതാ സംരംഭകർക്ക് വേണ്ടിയുള്ള പുതു പ്രഖ്യാപനങ്ങൾ. ഇവ സംരംഭക മേഖലയുടെ പുരോ




ഗതിയും സംരംഭക അഭിവൃദ്ധിയും ലക്ഷ്യമിടുന്നു. വനിതാ സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി. വി മിഷൻ വായ്പ വർദ്ധന, വനിതാ സഹകരണ സംഘങ്ങൾക്ക് 5 ലക്ഷം സബ്സിഡി കോഴിക്കോട് ഇൻക്യൂബേഷൻ സെന്ററിൽ വനിതാ സംരംഭകർക്ക് വാടകയിളവ് എന്നിവയാണ് പ്രഖ്യാപിച്ചത്. സർക്കാർ നയത്തിന്റെ ഭാഗമായി കേരളത്തിലെ നിക്ഷേപ സംരംഭക മേഖലയിൽ കൂടുതൽ പേർ കടന്ന് വരുന്ന സാഹചര്യത്തിൽ വാണിജ്യ വ്യവസായ വകുപ്പിന്റെ പ്രഖ്യാപനം കൂടുതൽ വനിതകളെ സംരംഭകരാക്കാൻ പ്രേരിപ്പിക്കും. മൂലധനം എന്ന കടമ്പ മറികടക്കാനും വനിതാ സംരംഭകർക്ക് ആത്മ വിശ്വാസം നല്കാനും വകുപ്പിന്റെ പ്രഖ്യാപനങ്ങൾക്കാകും.

## ഇരട്ടിയാക്കി വി മിഷൻ വായ്പ

കെ.എസ്.ഐ.ഡി.സി. വി മിഷൻ വായ്പ പദ്ധതി ഒറ്റയടിക്ക് ഇരട്ടിയാക്കിയത് വനിതാ ദിനത്തിൽ കേരളത്തിലെ സംരംഭകർക്ക് ലഭിച്ച മധുര സമ്മാനമാണ്. വ്യവസായ വകുപ്പ് മന്ത്രി പി രാജീവാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ വനിതാ സംരംഭക സംഗമത്തിൽ ഉത്പാദന മേഖലയിലുള്ള വനിതാ സംരംഭകർക്ക് ഗുണകരമാകുന്ന പദ്ധതി പ്രഖ്യാപിച്ചത്. ഇതു പ്രകാരം ഉത്പാദന മേഖലയിലുള്ള സ്ത്രീ സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി. യുടെ വി മിഷൻ വായ്പ 25 ലക്ഷമെന്നത് 50 ലക്ഷമായി ഉയർന്നു. 5 ശതമാനമാണ് പലിശ മൊറട്ടോറിയം ആറു മാസത്തിൽ നിന്ന് ഒരു വർഷമായി ഉയർത്തി. നിലവിലുള്ള സംരംഭങ്ങൾക്ക് അവരുടെ ബിസിനസ് കൂടുതൽ വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനുമാണ് പദ്ധതി പ്രകാരം






വായ്പ അനുവദിക്കുന്നത്. ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ ആളുകൾക്ക് ലഭിക്കുന്നതിനും കൂടുതൽ സ്വീകാര്യമാക്കുന്നതിനുമാണ് വി മിഷൻ പദ്ധതി വിപുലീകരിച്ചത്. ബിസിനസ് വിപുലീകരിക്കുന്നതിനും നവീകരണത്തിനും ബുദ്ധിമുട്ടുന്ന വനിതാ സംരംഭകർക്ക് ആശ്വാസമേകുന്നതാണ് സംസ്ഥാന സർക്കാരിന്റെ ഈ നടപടി. ദേശ സാത്കൃത സ്വകാര്യ ബാങ്കുകളെ അപേക്ഷിച്ച് കെ.എസ്.ഐ.ഡി.സി. നല്കുന്ന വായ്പ സുതാര്യമാണെന്നതിനാൽ ഇത് സംരംഭകർക്ക് നല്കുന്ന ആത്മവിശ്വാസം ചെറുതായിരിക്കില്ല.

## ഇൻകുബേഷൻ സെന്ററിലും ഇളവ്

സംരംഭങ്ങൾക്ക് പ്രവർത്തിക്കാൻ സ്ഥല പരിമിതിയും ഉയർന്ന വാടകയും പ്രശ്നമാവുന്ന കാലഘട്ടത്തിൽ വനിതാ സംരംഭകരെ സംരക്ഷിക്കുകയാണ് സർക്കാർ. കോഴിക്കോട്ടെ ഇൻകുബേഷൻ സെന്റർ കേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ വനിതാ സംരംഭകർക്ക് ഏപ്രിൽ ഒന്നു മുതൽ 50 ശതമാനം വാടകയിളവും പ്രഖ്യാപിച്ചു. ഇതിലൂടെ സംരംഭകർക്ക് വാടകയിനത്തിൽ തന്നെ വലിയൊരു തുക ചെലവിടാതിരിക്കാനാവും. കൂടാതെ സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുമ്പോഴുള്ള വാടക സംബന്ധിച്ച് പ്രശ്നങ്ങളിൽ നിന്നും വിടുതൽ നേടാനാവും. ഇത്തരത്തിൽ വളരെ സ്ത്രീ സൗഹൃദമായി സംസ്ഥാന സർക്കാരെടുക്കുന്ന നിലപാടുകളിലൂടെ ഇനിയും വളരെയധികം സ്ത്രീകൾ സംരംഭകത്വത്തിലേക്കെത്തുമെന്നത് ഉറപ്പാണ്.

## സഹകരണ സംഘങ്ങൾക്ക് സബ്സിഡി

വനിതാ സഹകരണ സംഘങ്ങൾക്കും ശുഭ പ്രതീക്ഷയേകുന്ന പ്രഖ്യാപനമാണ് വനിതാ ദിനത്തിൽ ഉണ്ടായത്. വനിതാ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനായി 5 ലക്ഷം രൂപ നല്കും. ഇത് തിരിച്ചടയ്ക്കേണ്ടതല്ലാത്ത ഗ്രാന്റ് ആയിട്ടാണ് നല്കുക. പുതിയ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന സഹകരണ സംഘങ്ങൾക്കും നിലവിൽ പ്രവർത്തനം നിലച്ചവയുടെ ആധുനിക വത്കരണം, വിപുലീകരണം, എന്നിവയ്ക്കും പ്രൊജക്റ്റ് റിപ്പോർട്ട് സഹിതം ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അപേക്ഷ നല്കിയാൽ ഈ ഗ്രാന്റ് ലഭിക്കും. ബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കാനും പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കാനും വ്യവസായ വകുപ്പ് സഹായിക്കും. സഹകരണ സംഘങ്ങളെ സംബന്ധിച്ചടത്തോളം ഈ പ്രഖ്യാപനം വളരെ ആശ്വാസം പകരുന്നതാണ്. പുതിയ നിക്ഷേപം ഇല്ലാതെ പ്രവർത്തനം ബുദ്ധിമുട്ടിലായതും നിലച്ചതുമായ നിരവധി സംഘങ്ങളുടെ ഉയർത്തെഴുന്നേല്പിന് ഈ ഗ്രാന്റ് സഹായകമാകും. കേരളത്തിൽ കോവിഡ് കാലഘട്ടത്തിൽ പ്രവർത്തനം നിലച്ചതും മന്ദീഭവിച്ചതുമായി നിരവധി സഹകരണ സംഘങ്ങൾക്ക് ഈ ഗ്രാന്റ് പുനരുജ്ജീവനമേകും. ഇതു വഴി ചെറുകിട വ്യവസായ മേഖലയ്ക്ക് ആശ്വാസം ലഭിക്കും.

വ്യവസായ മേഖല കൂടുതൽ സുതാര്യമാക്കാൻ ലക്ഷ്യമിട്ടും വൈവിധ്യമാർന്ന സംരംഭങ്ങൾ ഉരുത്തിരിയാനും വേണ്ടി നടത്തുന്ന ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാവുന്നു എന്നത് സംരംഭകരുടെ ഭാവി സുരക്ഷിതമാക്കും. സ്വന്തം സംരംഭം സ്വപ്നം കാണുന്ന മലയാളി വനിതകൾക്ക് സ്വയം പര്യാപ്തരാവാൻ



അവസരമൊരുക്കുന്നതാണ് സംസ്ഥാന സർക്കാരിന്റെ ഓരോ പ്രഖ്യാപനവും മുന്നേറുക, കൂടുതൽ ഉയരത്തിലേക്ക് ... സർക്കാർ ഒപ്പമുണ്ട്.

**വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി. എം.ഡി. ആണ് ലേഖകൻ**





